(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ചും, അവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്കുമാണ് ധനസഹായം അനുവദിക്കുന്നത്.

മരം മുറിച്ചതുമായി ബന്ധപ്പെട്ട പരാതി

201 (2233) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂർ മണ്ഡലത്തിൽപ്പെട്ട വെട്ടം പഞ്ചായത്തിലെ ഒരു സർക്കാർ സ്കൂൾ ഗ്രൗണ്ടിൽ നിന്നിരുന്ന മരം മുറിച്ചതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മലപ്പുറം സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ അന്വേഷണം നടത്തിയതിൽ തിരൂർ മണ്ഡലത്തിൽപ്പെട്ട വെട്ടം പഞ്ചായത്തിലെ പറവണ്ണ ജി.യു.പി. സ്കൂളിലെ മാവ് മരത്തിന്റെ ശിഖരങ്ങൾ മുറിക്കുന്നതിന് ഹെഡ്മാസ്റ്ററുടെയോ പഞ്ചായത്തിന്റെയോ അപേക്ഷ മരംമുറി അനുവദിക്കുന്നതിനുള്ള കമ്മിറ്റിക്ക് ലഭിച്ചിട്ടില്ലാത്തതും മരം മുറി അനുവദിച്ചിട്ടില്ലാത്തതുമാണ്. ഇപ്രകാരം മുറിച്ചുമാറ്റിയ മരത്തിന്റെ ശിഖരങ്ങൾ കെട്ടിടങ്ങൾക്കോ ജീവനോ യാതൊരുവിധ ഭീഷണിയുമില്ലാത്തതും കേടുപാടുകൾ ഒന്നുംതന്നെയില്ലാത്തതുമാണ്. ഹെഡ്മാസ്റ്ററും പി.റ്റി.എ. പ്രസിഡന്റും ചേർന്നു കൊണ്ട് മേൽപ്പടി മരത്തിന്റെ ശിഖരങ്ങൾ വെട്ടിമാറ്റിയതിന് ഹെഡ്മാസ്റ്ററോട് 31-12-2010-ന് രാവിലെ മലപ്പുറം സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ്, ഫോറസ്റ്റ് കൺസർവേറ്റർ മുമ്പാകെ സ്റ്റേറ്റ്മെന്റ് എടുക്കുന്നതിന് ഹാജരാകുവാൻ നിർദ്ദേശിച്ചെങ്കിലും ടിയാൻ ഹാജരായില്ല. ആയതിനാൽ ഹെഡ്മാസ്റ്ററുടെ പേരിൽ നടപടി സ്വീകരിക്കുവാൻ വിദ്യാഭ്യാസ വകുപ്പിനോട് മലപ്പുറം സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ശുപാർശ ചെയ്തിട്ടുള്ള വിവരം അറിയിക്കുന്നു.

പേരാമ്പ്ര മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ

202 (2234) ശ്രീ. കെ. കുഞ്ഞമ്മദ് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പ് പേരാമ്പ്ര മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ, നിലവിലുള്ള അവസ്ഥ, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ സഹിതം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ഡിവിഷനിൽ പെരുവണ്ണാമൂഴി റെയിഞ്ച് ഉൾപ്പെടുന്ന പേരാമ്പ്ര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതി	ചെലവഴിച്ച തുക	റിമാർക്ക്സ്
കക്കയം ക്യാമ്പ് ഷെഡ്	2,65,918	ടി പദ്ധതികളെല്ലാം പൂർത്തീകരിച്ചിട്ടുള്ളതാണ്.
അത്തിക്കോട് ഫാബ്രിക്കേറ്റഡ് ക്യാമ്പ് ഷെഡ്	2,76,000	
സീതപ്പാറ ക്യാമ്പ് ഷെഡ്	2,80,530	
പെരുവണ്ണാമൂഴി ബാച്ചിലേഴ്സ് ക്വാർട്ടേഴ്സ്	1,04,770	
മലബാർ വൈൽഡ് ലൈഫ് സാങ്ച്വറി	8,82,646	
വിവിധ പ്രവർത്തനങ്ങൾ		
സോളാർ ഫെൻസിംഗ് :		
പയ്യാനിക്കോട്ട 3 കി. മീറ്റർ	1,18,611	
കക്കയം 3 കി. മീറ്റർ	2,42,902	
ഉരക്കുഴി തൂക്കുപാലം	3,09,000	
അത്തിക്കോട് കൂപ്പ് റോഡ്	1,27,966	
കക്കയം ഇക്കോ ടൂറിസം	5,18,000	
പെരുവണ്ണാമൂഴി ഇക്കോ ടൂറിസം	13,72,000	

2. കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി ഡിവിഷനുകീഴിൽ കൊയിലാണ്ടി റെയിഞ്ചിനുകീഴിൽ താഴെപ്പറയുന്ന പദ്ധതികളും 2005-06 മുതൽ നടപ്പിലാക്കി വരുന്നു.

ക്രമനമ്പർ	പദ്ധതി	ഭൗതികനേട്ടം	ചെലവായ തുക
1	എന്റെ മരം പദ്ധതി	83428 തൈകൾ	500564
2	നമ്മുടെ മരം പദ്ധതി	2180 തൈകൾ	13081
3	ഹരിതകേരളം പദ്ധതി	2100 തൈകൾ	126000

ഇതിൽ എന്റെ മരം പദ്ധതി പ്രകാരം നട്ട തൈകളിൽ 68 ശതമാനവും നമ്മുടെ മരം പദ്ധതിപ്രകാരം നട്ട തൈകളിൽ 62 ശതമാനവും അതിജീവിക്കുന്നുണ്ട്. ഹരിതകേരളം പദ്ധതി, തൊഴിലുറപ്പു പദ്ധതിക്കായി പഞ്ചായത്തുകൾക്കാണ് തൈകൾ വിതരണം നടത്തിയിട്ടുള്ളത്. കാവുകൾക്കുള്ള ധനസഹായത്തിന്റെ ഭാഗമായി പേരാമ്പ്ര തച്ചറത്തുകണ്ടി ശ്രീ. നാഗകാളിയമ്മ ക്ഷേത്രത്തിന് ധനസഹായം നൽകിയിട്ടുണ്ട്.

റവന്യൂ റിക്കവറി നടപടികൾ

203 (2235) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യത്തിന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തേക്കുകഴകൾ ലേലം ചെയ്യുന്ന വകയിലോ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്ത ഇനത്തിലോ മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിൽ റവന്യൂ റിക്കവറി നടപടികൾ നിലവിലുള്ളത് ആരുടെയെല്ലാം പേരിലെന്നും ഓരോരുത്തരിൽ നിന്നും ഈടാക്കേണ്ട തുക എത്രയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

ഇത് സംബന്ധിച്ച ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഫോറസ്റ്റ് സ്റ്റേഷനുകൾ

204 (2236) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഫോറസ്റ്റ് സ്റ്റേഷനുകൾ അനുവദിച്ചു ;

(ബി) എന്നുമുതൽ ഈ സ്റ്റേഷനുകൾ പ്രവർത്തിച്ചു തുടങ്ങുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 12 ഫോറസ്റ്റ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly